File No.REV-B2/51/2018-REV

OFFICE OF THE DISTRICT COLLECTOR
06 MAR 2019
ERNAKULAM

OFFICE OF THE DISTRICT COLLECTOR
07 MAR 2019
ERNAKULAM

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - വലിയ കടമക്കുടി - ചാത്തനാട് പാലവും അനുബന്ധ റോഡ് നിർമ്മാണത്തിനുവേണ്ടി കടമക്കുടി, ഏഴിക്കര എന്നീ വില്ലേജുകളിലെ 208.48 ആർ ഭൂമി ഏറ്റെടുക്കുന്നത് - സാമൂഹ്യാഘാത പഠനം - വിദഗ്ധ സമിതി ശുപാർശ – 2013 ലെ എൽ.എ.ആർ.ആർ നിയമപ്രകാരം സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അംഗീകാരം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ബി) വകുപ്പ്

സ.ഉ.(കൈ) നം.79/2019/റവ. തീയതി,തിരുവനന്തപുരം, 27/02/2019

പരാമർശം:- 1. 23.06.2018 ലെ സ.ഉ(അച്ചടി) നം 38/2018/റവ നമ്പർ സർക്കാർ ഉത്തരവ്
2. എറണാകുളം ജില്ലാ കളക്ടറുടെ 18/02/2019-ലെ DCEKM/1515/2019-C1 നമ്പർ കത്ത്

<u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ വലിയ കടമക്കുടി - ചാത്തനാട് പാലവും അനുബന്ധ റോഡ് നിർമ്മാണത്തിനുവേണ്ടി കടമക്കുടി, ഏഴിക്കര എന്നീ വില്ലേജുകളിലെ 208.48 ആർ ഭൂമി 2013 ലെ എൽ.എ.ആർ.ആർ നിയമപ്രകാരം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠനം നടത്തുന്നതിനായി പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ (YSSO), സോഷ്യൽ സർവ്വീസ് സെന്റർ, എം.എ കോളേജ് പി.ഒ, കോതമംഗലം നെ ചുമതലപ്പെടുത്തുകയുണ്ടായി. 2013 ലെ എൽ.എ.ആർ.ആർ നിയമത്തിലെ സെക്ഷൻ 5 പ്രകാരം ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ ആവലാതികൾ കേൾക്കുന്നതിന് പബ്ളിക്ക് ഹിയറിംഗ് നടത്തിയിട്ടുള്ളതുമാണ്. 2013 ലെ എൽ.എ.ആർ.ആർ നിയമത്തിലെ സെക്ഷൻ 6 പ്രകാരം സാമൂഹ്യാഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ട് ജില്ലാ ഭരണകൂടത്തിന് ലഭ്യമാക്കുകയും ഗവൺമെന്റ് വെബ് സൈറ്റിലും ജില്ലാ ഭരണകൂടത്തിന്റെ വെബ് സൈറ്റിലും റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുള്ളതാണ്. 2013 ലെ എൽ.എ.ആർ.ആർ നിയമത്തിലെ സെക്ഷൻ 7 പ്രകാരം സാമൂഹ്യാഘാത പഠനം വിലയിരുത്തുന്നതിനായി എറണാകുളം ജില്ലാ കളക്ടർ വിദഗ് ധ സമിതിയെ രൂപീകരിക്കുകയുണ്ടായി.

വിദഗ്ധ സമിതിയുടെ ശുപാർശ പരാമർശം (2) പ്രകാരം ജില്ലാ കളക്ടർ സമർപ്പിക്കുകയുണ്ടായി. വിദഗ്ധ സമിതിയുടെ ശുപാർശ ലഭിച്ചുകഴിഞ്ഞാൽ 2013 ലെ എൽ.എ.ആർ.ആർ നിയമത്തിലെ സെക്ഷൻ 8 സബ് സെക്ഷൻ (1) (എ) മുതൽ (ഇ) പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള ശുപാർശയും സാമൂഹ്യാഘാത പഠന റിപ്പോർട്ടും ജില്ലാ കളക്ടർ പരിശോധിച്ച് ശുപാർശ സഹിതം സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുണ്ട്. ആയതുപ്രകാരം എറണാകുളം ജില്ലാ കളക്ടർ ശുപാർശ സമർപ്പിക്കുകയുണ്ടായി. 2013 ലെ എൽ.എ.ആർ.ആർ നിയമത്തിലെ സെക്ഷൻ 8 സബ് സെക്ഷൻ 2 പ്രകാരം പ്രസ്തുത പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് ആയതിലെ നിർദ്ദേശങ്ങൾ തൃപ്തികരമാകുന്ന പക്ഷം ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടരണമോ വേണ്ടയോ എന്ന കാര്യം സർക്കാരിനു തീരുമാനിക്കാവുന്നതാണ്. ഈ കേസിൽ വിദഗ്ധ സമിതിയും എറണാകുളം ജില്ലാ കളക്ടറും ഭൂമി ഏറ്റെടുക്കലുമായി മുന്നോട്ട് പോകാൻ ശുപാർശ ചെയ്തിട്ടുള്ളതാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് വിദഗ്ധ സമിതിയുടെ ശുപാർശ അംഗീകരിക്കുകയും സാമൂഹ്യാഘാതപഠന റിപ്പോർട്ട് എറണാകുളം ജില്ലാ കളക്ടറുടെ റിപ്പോർട്ട്

എന്നിവയുടെ അടിസ്ഥാനത്തിൽ വലിയ കടമക്കുടി - ചാത്തനാട് പാലവും അനുബന്ധ റോഡ് നിർമ്മാണത്തിനായി കടമക്കുടി, ഏഴിക്കര എന്നീ വില്ലേജുകളിലെ വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട 208.48 ആർ ഭൂമി 2013 ലെ എൽ.എ.ആർ.ആർ നിയമപ്രകാരം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജാഫർഖാൻ എസ്
അണ്ടർ സെക്രട്ടറി

To

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & എൻ.എം) ഡിപ്പാർട്ട്മെന്റ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്
പൊതുമരാമത്ത് വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.ക്ക്

ഉത്തരവിൻ പ്രകാരം

Signature valid
സെക്ഷൻ ഓഫീസർ
Digitally signed by BINU VARGHESE
Date: 2019.02.2? 16:59:37 IST
Reason: Approved